received on 05/09/13

P2 -1188/13

5/9/13

പ്രേക്ഷിതൻ - റഷീദ് സി.
തോലിയാനിക്കരയിൽവീട്, ആനപ്പാറ, പത്തനംതിട്ട - 689 645

സ്വീകർത്താവ് - സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യനീതി ഓഫീസ്, പത്തനംതിട്ട

## വിവരാവകാശ നിയമം 2005

1. 01-12-2012 മുതൽ 18-06-2013 വരെ അങ്ങയുടെ ഓഫീസിലെ പതിവേഡിൽ 162 പേജുകളിലായി 1082 തപാലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അങ്ങു 22-07-2013 തീയതി രേഖപ്പെടുത്തി P2 973/13 നമ്പരായി നൽകിയ കത്തിലൂടെ എന്നെ വിവരം അറിയിച്ചിരിക്കുന്നു. 01-12-2012 മുതൽ 18-06-2013 വരെയുള്ള കാലയളവിലെ അങ്ങയുടെ ഓഫീസിലെ വിതരണ പതിവേഡിലെ 162 പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുക. പകർപ്പ് ഫീസ് ഇനത്തിൽ 2 രൂപ പ്രകാരം 162 പേജുകൾക്ക് 162x2=324/- രൂപ ട്രഷറിയിൽ 0070 60800 42 എന്ന അക്കൗണ്ടിൽ ഒടുക്കിയ ചെല്ലാന്റെ അസ്സൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

2. അങ്ങയുടെ ഓഫീസിൽ PR സെക്ഷൻ ക്ലാർക്കുമാർ കൃത്യമായി എഴുതാറുണ്ടോ?. ഉണ്ട് എങ്കിൽ 01-12-2012 മുതൽ 18-06-2013 വരെ അങ്ങയുടെ ഓഫീസിലെ വിതരണ പതിവേഡിൽ 162 പേജുകളിലായി ചേർത്ത 1082 തപാലുകൾ PR കൃത്യമായി എഴുതി സൂക്ഷിച്ചിരിക്കുന്ന ക്ലാർക്കുമാരുടെ പേരും, തസ്തികയും അറിയിക്കുക.

3. 2003 ഡിസംബർ മാസം ബഹു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ വികലാംഗ മോണിട്ടറിംഗ് കമ്മറ്റിയുടെ മിനിട്സും ഹാജരും കാണാതായതിനെ സംബന്ധിച്ച് അങ്ങയുടെ ഓഫീസിലെ ഏതെങ്കിലും ജീവനക്കാരന് മെമ്മോയോ, അച്ചടക്ക നടപടികളോ പരാതികളോ നൽകുകയോ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?.

4. അങ്ങയുടെ ഓഫീസിലെ വിതരണ പതിവേഡിന്റെ 2013 ജൂൺ 18 മുതൽ നാളിതുവരെ രേഖപ്പെടുത്തലുകൾ നടന്നിട്ടുള്ള പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുക.

5. ഓട്ടിസം, മസ്തിഷ്ക തളർവാദം, ബുദ്ധിമാന്ദ്യം, ബഹുവൈകല്യം എന്നിവ ബാധിച്ചവർക്ക് രക്ഷിതാവിനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ബഹു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചതായി 2012 ആഗസ്റ്റ് 4-ാം തീയതിയിലെ പത്രത്തിൽ വായിക്കാനിടയായി. ആ യോഗ തീരുമാനത്തിന്റെയും അതു സംബന്ധിച്ചുള്ള സമിതി ബഹു. ജില്ലാ കളക്ടർ ചെയർമാനായി സമതി രൂപീകകരിക്കണമെന്ന് കാണിച്ച് ലഭിച്ചിരിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകുക.

6. ഞാൻ സമർപ്പിച്ച പരാതിയിന്മേൽ ബഹു. കേരളാ ആരോഗ്യ വകുപ്പ് മന്ത്രി 09.07.2013-ലെ 4043/എം(എച്ച്&ഡി)/13 നമ്പരായി ബഹു. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ ബഹു. ജില്ലാ മെഡിക്കൽ ഓഫീസർ എന്ത് നടപടി സ്വീകരിച്ചു?. സ്വീകരിച്ച നടപടികളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുക.

7. എന്റെ പേരിൽ കോഴഞ്ചേരി താലൂക്ക് തഹസിൽദാർക്കെതിരെ വ്യജ പരാതി അയച്ചവർക്കെതിരെ നടപടിയെടുക്കണമെന്ന് കാണിച്ച് ഞാൻ 30.07.2013ൽ ദൂതൻ മുഖേന ബഹു. ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്മേൽ ബഹു. ജില്ലാ കളക്ടർ എന്ത് നടപടി സ്വീകരിച്ചു?. എന്റെ പേരിൽ കോഴഞ്ചേരി താലൂക്ക് തഹസിൽദാർക്കെതിരെ വ്യാജ പരാതി അയച്ചവർക്കെതിരെ നടപടിയെടുക്കണമെന്ന് കാണിച്ച് ഞാൻ ബഹു. ജില്ലാ കളക്ടർക്ക് 30.07.2013ൽ നൽകിയ പരാതിയുടെയും ഞാൻ നൽകിയ പരാതിയിന്മേൽ ബഹു. ജില്ലാ കളക്ടർ സ്വീകരിച്ച രേഖാമൂലമായ മുഴുവൻ നടപടികളുടെയും രേഖകളുടെയും രേഖപ്പെടുത്തലുകളുടെയും ആഫീസ് കുറിപ്പ് ഉൾപ്പടെയുള്ള മുഴുവൻ പേജുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുക.

മേൽ ഖണ്ഡികകളിലെ വിവരങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകുവാൻ അപേക്ഷിക്കുന്നു.

എന്ന്

പത്തനംതിട്ട